"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ് - കുടുംബശ്രീ - കേരള നോളേജ് എക്കോണമി മിഷൻ- മൊബിലൈസേഷൻ - "എന്റെ തൊഴിൽ എന്റെ അഭിമാനം" (മൈ ജോബ് മൈ പ്രൈഡ്) ക്യാമ്പയിൻ നടപ്പിലാക്കുന്നതിനായുള്ള മാർഗ്ഗരേഖ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്

സ.ഉ.(കൈ) നം.90/2022/LSGD തീയതി,തിരുവനന്തപുരം, 23-04-2022

---

പരാമർശം:- 26/11/2021-ലെ സ.ഉ.(സാധാ) നം.11/2021/PLG&EA(DVPMT & INNOVATION)

<u>ഉത്തരവ്</u>

കേരളത്തിൽ ഒരു വൈജ്ഞാനിക സമ്പദ് വ്യവസ്ഥ സൃഷ്ടിക്കുന്നതിനും അതുവഴി കേരളത്തിലെ മനുഷ്യ വിഭവശേഷിക്ക് അനുയോജ്യമായ തൊഴിലവസരങ്ങൾ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ കേരള സർക്കാർ ആരംഭിച്ച അഭിമാന പദ്ധതിയായ കേരള നോളേജ് മിഷന്റെ പ്രവർത്തനങ്ങൾക്ക് തുടക്കംകുറിക്കുന്നതിനായി സംസ്ഥാന വ്യാപകമായി തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിൽ കുടുംബശ്രീ മുഖേന നടത്തുന്ന 'എന്റെ തൊഴിൽ എന്റെ അഭിമാനം' എന്ന വിപുലമായ പ്രചാരണ പരിപാടിയുടെയും സർവേയുടെയും ചുവടെ ചേർത്തിരിക്കുന്ന മാർഗരേഖ അംഗീകരിച്ച് ഉത്തരവാകുന്നു.

<u>കേരള നോളേജ് എക്കണോമി മിഷൻ</u>

കേരളത്തെ ഒരു വൈജ്ഞാനിക സമ്പദ് വ്യവസ്ഥയായി മാറ്റുന്നതിന്റെ ഭാഗമായി അഭ്യസ്തവിദ്യരായ 20 ലക്ഷം തൊഴിലന്വേഷകർക്ക് മാന്യമായ തൊഴിൽ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ തുടക്കം കുറിച്ച കേരള സർക്കാരിന്റെ അഭിമാന പദ്ധതിയാണ് കേരള നോളജ് എക്കണോമി മിഷൻ. ഈ പദ്ധതിയുടെ ഭാഗമായി തൊഴിലന്വേഷകർക്കും തൊഴിൽദാതാക്കൾക്കും ഒരേ ഇടത്തിൽ സംഗമിക്കുന്നതിനും ലോകമെമ്പാടുമുള്ള വൈജ്ഞാനിക തൊഴിലുകളേയും അഭ്യസ്തവിദ്യരും നൈപുണികളുമുള്ള അനുയോജ്യരായ തൊഴിലാളികളേയും പരസ്പരം കൂട്ടിചേർക്കുന്നതിന് ഡിജിറ്റൽ വർക്ക്ഫോഴ്സ് മാനേജ്മെന്റ് സിസ്റ്റം എന്ന ഡിജിറ്റൽ പ്ലാറ്റ്ഫോമിന് രൂപം കൊടുത്തിട്ടുണ്ട്. കേരള നോളേജ് മിഷന്റെ പ്രവർത്തനങ്ങളെക്കുറിച്ച് പൊതുസമൂഹത്തിനു അറിവുനല്കുന്നതിനും വിദ്യാസമ്പന്നരായ തൊഴിൽ രഹിതരെയും തൊഴിലന്വേഷകരെയും തൊഴിൽ ദാതാക്കളെയും നൈപുണ്യ പരിശീലന ഏജൻസികളെയും ബന്ധിപ്പിക്കുന്നതിന് വികസിപ്പിച്ച ഓൺലൈൻ ഡിജിറ്റൽ പ്ലാറ്റ്ഫോമായ ഡിജിറ്റൽ വർക്ക്ഫോഴ്സ് മാനേജ്മെന്റ് സിസ്റ്റത്തിൽ (DWMS) എൻറോൾ ചെയ്യിക്കുന്നതിനും വേണ്ടി നടത്തുന്ന പ്രവർത്തനമാണ് "എന്റെ തൊഴിൽ എന്റെ അഭിമാനം" (My job My Pride ) എന്ന ക്യാമ്പയിൻ.

<u>'എന്റെ തൊഴിൽ എന്റെ അഭിമാനം' ക്യാമ്പയിൻ</u>

20 ലക്ഷം പേരെ 2026 ഓടെ വിജ്ഞാന തൊഴിലുകളിലേയ്ക്ക് നയിക്കുന്നതിനുള്ള പ്രവർത്തനത്തിന് തുടക്കം കുറിക്കുന്നത് 'എന്റെ തൊഴിൽ എന്റെ അഭിമാനം' എന്ന പ്രാദേശിക ഭരണകൂടങ്ങളുടെ നേതൃത്വത്തിൽ നടത്തുന്ന വിപുലമായ പ്രചാരണ പരിപാടിയിലൂടെയാണ്. സർക്കാർ ജോലി മാത്രമാണ് മാന്യമായ തൊഴിൽ എന്ന പരമ്പരാഗത സങ്കല്പത്തിൽ നിന്ന് തന്റെ അറിവും നൈപുണിയും സർഗ്ഗാത്മകതയും ഉപയോഗപ്പെടുത്തി പുതിയ ലോകസാഹചര്യത്തിൽ സ്വകാര്യ മേഖലയിലുൾപ്പെടെ ലഭ്യമായ സ്ഥിരം, പാർട്ട് ടൈം, ഫ്രീലാൻസ്, കൺസൾട്ടൻസി തൊഴിലുകൾ എന്നിവയും മികച്ച വരുമാനവും ജീവിത

സുരക്ഷയും ഉറപ്പ നൽകുന്ന തൊഴിലുകളാണെന്ന ബോധം സമൂഹത്തിൽ സൃഷ്ടിക്കുന്നതിനും അതിലേയ്ക്ക് തൊഴിലന്വേഷകരെ നയിക്കാനും ഈ ക്യാമ്പയിൻ ലക്ഷ്യമിടുന്നു.

<u>ലക്ഷ്യങ്ങൾ</u>

എന്റെ തൊഴിൽ എന്റെ അഭിമാനം (My job My Pride) എന്ന ക്യാമ്പയിന് പ്രധാനമായും മൂന്ന് ലക്ഷ്യങ്ങളാണുള്ളത്.

1. കേരള നോളജ് എക്കണോമി മിഷന്റെ പ്രവർത്തനങ്ങളെക്കുറിച്ചും സംസ്ഥാനത്തെ 20 ലക്ഷം അഭ്യസ്തവിദ്യരായ തൊഴിൽരഹിതർക്ക് 5 വർഷത്തിനുള്ളിൽ തൊഴിൽ നൽകുകയെന്ന ലക്ഷ്യത്തെക്കുറിച്ചും എല്ലാവരിലും അവബോധം സൃഷ്ടിക്കുക.

2. 18-59 വരെ പ്രായപരിധിയിലുള്ള അഭ്യസ്തവിദ്യരായ തൊഴിൽരഹിതരിൽ ഡിജിറ്റൽ പ്ലാറ്റ്ഫോം വഴി തൊഴിൽ നേടാൻ സന്നദ്ധരാകുന്നവരുടെ വിവരം വീടുകൾ തോറും കയറിയിറങ്ങിയുള്ള സർവെ നടത്തി ശേഖരിക്കുക.

3. നോളജ് എക്കണോമി മിഷൻ പ്രവർത്തനങ്ങളെപ്പറ്റി അറിവ് നൽകി, ആദ്യ ഘട്ടമായി, വരുന്ന ഒരു വർഷത്തിനുള്ളിൽ കമ്മ്യൂണിറ്റി അംബാസഡർമാരുടെ പിന്തുണയോടെ ചുരുങ്ങിയത് 10 ലക്ഷം അഭ്യസ്തവിദ്യരായ ഉദ്യോഗാർത്ഥികളെ ഓൺലൈൻ ഡിജിറ്റൽ പ്ലാറ്റ്ഫോമായ ഡിജിറ്റൽ വർക്ക്ഫോഴ്സ് മാനേജ്മെന്റ് സിസ്റ്റത്തിൽ (DWMS) ൽ രജിസ്റ്റർ ചെയ്യിപ്പിക്കുക.

മുകളിൽ സൂചിപ്പിച്ച ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തുന്നതിലൂടെ കേരള നോളജ് എക്കണോമി മിഷൻ വഴി ഉള്ള തൊഴിൽ അവസരങ്ങൾ ലഭ്യമാക്കുന്നതിനോടൊപ്പം തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് പ്രാദേശിക വികസന പദ്ധതികൾ രൂപീകരിക്കുന്നതിന് സഹായകമായ വിവരങ്ങളും ലഭ്യമാക്കും.

- ഓരോ തദ്ദേശ ഭരണ പ്രദേശത്തുമുള്ള തൊഴിൽ സന്നദ്ധരായ തൊഴിലന്വേഷകരുടെ എണ്ണം, വാർഡ് അടിസ്ഥാനത്തിൽ തിട്ടപ്പെടുത്താൻ സാധിക്കും.

- ശേഖരിക്കുന്ന വിവരങ്ങളെ അടിസ്ഥാനമാക്കി തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ നേതൃത്വത്തിൽ പ്രത്യേക പദ്ധതികൾ ആവിഷ്കരിക്കാനും തൊഴിൽ നൈപുണ്യ പരിശീലനവും തൊഴിൽ രഹിതർക്ക് വേണ്ടിയുള്ള സംരംഭകത്വ പദ്ധതികളും മികച്ച രീതിയിൽ ആസൂത്രണം ചെയ്യാം.

- തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ പ്രാദേശിക തൊഴിൽ കൂട്ടായ്മകളും വീടിനടുത്തുള്ള തൊഴിൽ കേന്ദ്രങ്ങൾ, പുതിയ സാങ്കേതികവിദ്യകളും അറിവും ഉപയോഗപ്പെടുത്തിയ പ്രാദേശിക സംരംഭങ്ങൾ എന്നിവ (work from home, work near home) തുടങ്ങിയവ പ്രായോഗികമാക്കാൻ സാധിക്കും

<u>കമ്മ്യൂണിറ്റി അംബാസഡർ പ്രോഗ്രാം</u>

- നോളജ് എക്കണോമി മിഷന്റെ മൊബിലൈസേഷൻ ക്യാമ്പയിന്റെ ഫീൽഡ്തല പ്രവർത്തനങ്ങളെ പിന്തുണയ്ക്കുന്നതിനുള്ള ഒരു കമ്മ്യൂണിറ്റി എൻഗേജ്മെന്റ് പ്രോഗ്രാമായി രൂപകല്പന ചെയ്തതാണ് കമ്മ്യൂണിറ്റി അംബാസഡർ പ്രോഗ്രാം. കമ്മ്യൂണിറ്റി അംബാസഡർമാർ കേരള നോളജ് എക്കണോമി മിഷൻ പ്രവർത്തനങ്ങൾ സമൂഹത്തിന്റെ താഴെത്തട്ടിലെത്തിക്കുന്നതിനും 18 നും 59 നും ഇടയിൽ പ്രായമുള്ള വിദ്യാസമ്പന്നരായ തൊഴിൽ രഹിതരെ DWMS പോർട്ടലിൽ രജിസ്റ്റർ ചെയ്യാൻ

പ്രോത്സാഹിപ്പിക്കുകയും ആവശ്യമായ പിന്തുണയും സഹായവും നൽകുകയും ചെയ്യും. കമ്മ്യൂണിറ്റി അംബാസഡർമാർ ലോക്കൽ കമ്മ്യൂണിറ്റിയുടെ ഭാഗമായി പ്രവർത്തിക്കുന്നതിനാൽ പ്രാദേശികമായി കേരള നോളജ് എക്കണോമി മിഷൻ മുന്നോട്ടുവയ്ക്കുന്ന ആശയങ്ങളും പ്രവർത്തന പരിപാടികളും സമൂഹത്തിന്റെ താഴെത്തട്ടിലേയ്ക്ക് നിരന്തരം എത്തിക്കുന്നതിനും ഈ പ്രവർത്തനങ്ങളിൽ പൊതുസമൂഹത്തെ കണ്ണിചേർക്കുന്നതിനുള്ള ഘടകമായി പ്രവർത്തിക്കും.

- കമ്മ്യൂണിറ്റി അംബാസിഡർമാരെ എംപാനൽ ചെയ്യുന്നത് കുടുംബശ്രീ മിഷൻ ആയിരിക്കും. ഓരോ സിഡിഎസ് തലത്തിലും ഒരു കമ്മ്യൂണിറ്റി അംബാസിഡർ എന്ന രീതിയിൽ 1070 പേരെ ഇത്തരത്തിൽ കണ്ടെത്തും. ഇപ്പോൾ കുടുംബശ്രീ സ്കിൽ പ്രോഗ്രാമുകളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന കമ്മ്യൂണിറ്റി വോളണ്ടിയർമാരെ കമ്മ്യൂണിറ്റി അംബാസിഡർമാരായി ചുമതലപ്പെടുത്തുന്നതാണ്. നിലവിൽ കമ്മ്യൂണിറ്റി വോളണ്ടിയർമാർ ഇല്ലാത്ത സിഡിഎസുകളിൽ കുടുംബശ്രീയുടെ ഓക്സിലറി ഗ്രൂപ്പിൽ അംഗങ്ങളായവർ, കമ്മ്യൂണിറ്റി എൻഗേജ്മെന്റ് പ്രോഗ്രാമിൽ മുൻപരിചയമുള്ളവർ എന്നിവരിൽ നിന്നും ഡിഗ്രി യോഗ്യതയുള്ളവരെ നിയമിക്കുന്നതാണ്. സേവന വേതന വ്യവസ്ഥകൾ കുടുംബശ്രീ നിശ്ചയിക്കുന്നതാണ്. ഇവരുടെ എംപാനൽമെന്റ് പൂർത്തിയാക്കി തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ ചുമതല ഏറ്റെടുക്കേണ്ടതാണ്.

<u>പ്രവർത്തന സമീപനം</u>

- പരിശീലനം ലഭിച്ച പ്രവർത്തകരുടെ നേതൃത്വത്തിൽ സംസ്ഥാനത്തെ എല്ലാ വീടുകളിലുമെത്തി കേരള നോളജ് എക്കണോമി മിഷന്റെ പ്രവർത്തനങ്ങളെക്കുറിച്ച് അറിവു നൽകി, വൈജ്ഞാനിക തൊഴിലുകൾക്ക് സന്നദ്ധരായവരെ കണ്ടെത്തുന്ന പ്രവർത്തനമാണ് എന്റെ തൊഴിൽ എന്റെ അഭിമാനം (My job My Pride) എന്ന ക്യാമ്പയിൻ. ഇത് പൂർണ്ണമായും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിലാണ് നടക്കുക.

- കുടുംബശ്രീ മിഷനായിരിക്കും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ഇക്കാര്യത്തിൽ സഹായിക്കുക. ക്യാമ്പയിൻ പ്രചാരണവും, വിവരശേഖരണ പ്രവർത്തനവും വാർഡുകൾ കേന്ദ്രീകരിച്ച് നടക്കുന്നത് 2022 മെയ് 8 മുതൽ 1 5 വരെയാണ്. ഇതിനായി തദ്ദേശ ഭരണ തലത്തിൽ ഒരു കമ്മ്യൂണിറ്റി അംബാസഡറെയും വാർഡ്/ഡിവിഷൻ തലങ്ങളിൽ ചുരുങ്ങിയത് 5 സന്നദ്ധ പ്രവർത്തകരെയും കുടുംബശ്രീ സി ഡി എസ് കണ്ടെത്തി നിയോഗിക്കേണ്ടതാണ്.

- ഡിജിറ്റൽ യൂണിവേഴ്സിറ്റി തയ്യാറാക്കി നൽകിയ മൊബൈൽ ആപ്പ് (ജാലകം) ഉപയോഗിച്ചായിരിക്കും തൊഴിൽ രഹിതരുടെ വിവരണ ശേഖരണ പ്രവർത്തനം നടത്തുന്നത്. 2022 മെയ് 8 മുതൽ 15 വരെയാണ് ഈ പ്രവർത്തനം നടക്കുക.

"എന്റെ തൊഴിൽ എന്റെ അഭിമാനം" എന്ന ക്യാമ്പയിന്റെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പ്രധാന പ്രവർത്തനങ്ങളും, ചുമതലകളും താഴെ സൂചിപ്പിക്കുന്നു.

- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ 'എന്റെ തൊഴിൽ എന്റെ അഭിമാനം' ക്യാമ്പയിനിന്റെ പ്രവർത്തനങ്ങൾ നടത്തുന്നതിന് വേണ്ട കമ്മ്യൂണിറ്റി അംബാസഡർമാരെയും, റിസോഴ്സ് പേഴ്സൺസിനെയും തിരഞ്ഞെടുക്കുന്നതിനുള്ള ചുമതല കുടുംബശ്രീ സി.ഡി.എസ് നിർവഹിക്കും. (പ്രാദേശിക തലത്തിൽ ആസൂത്രണ പ്രക്രിയകളിൽ സജീവമായ പങ്കുവഹിക്കുന്ന വ്യക്തിയായിരിക്കണം റിസോഴ്സ് പേഴ്സൺസ്)

- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ 'എന്റെ തൊഴിൽ എന്റെ അഭിമാനം' ക്യാമ്പയിനിന്റെ വാർഡ്തല പ്രചാരണ വിവരശേഖരണ പ്രവർത്തനങ്ങൾ നടത്തുന്നതിന് വേണ്ട പ്രവർത്തകരെ

തിരഞ്ഞെടുക്കുന്ന ചുമതല കുടുബശ്രീ എ.ഡി.എസ് നിർവഹിക്കേണ്ടതാണ്.

- എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെയും ഐ.കെ.എം-ന്റെ ടെക്നിക്കൽ അസ്സിസ്റ്റന്റ്മാരുടെ സേവനം എന്റെ തൊഴിൽ എന്റെ അഭിമാനം (My job My Pride) എന്ന ക്യാമ്പയിനിന്റെ വിവരശേഖരണ പ്രവർത്തനങ്ങൾ നടത്തുന്നതിന് ലഭ്യമാക്കണം. ക്യാമ്പയിനിന്റെ വിവരശേഖരണ പ്രവർത്തനങ്ങൾ നടത്തുന്നതിന് ഉപയോഗിക്കുന്ന മൊബൈൽ ആപ്ലിക്കേഷൻ മികവുറ്റരീതിയിൽ ഉപയോഗിക്കുന്നതിനുവേണ്ടിയാണ് ഇവരുടെ സേവനം ഉപയോഗിക്കേണ്ടത്. ഇതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ ടെക്നിക്കൽ അസ്സിസ്റ്റൻസിനുവേണ്ടി ജില്ലാതല പരിശീലനം നടത്തും. പരിശീലനത്തിൽ പങ്കാളിത്തം ഉറപ്പുവരുത്തേണ്ടതാണ്.

- വാർഡ്തലത്തിൽ വിവരശേഖരണ പ്രവർത്തനം നടത്തുന്നവർക്കുള്ള തദ്ദേശ ഭരണ സ്ഥാപനതല പരിശീലനത്തിൽ ടെക്നിക്കൽ അസ്സിസ്റ്റൻസ് ആണ് വിവരശേഖരണ പ്രവർത്തനങ്ങൾ നടത്തുന്നതിന് ഉപയോഗിക്കുന്ന മൊബൈൽ ആപ്ലിക്കേഷനുമായി ബന്ധപ്പെട്ട പരിശീലനം നൽകേണ്ടത്. ക്യാമ്പയിൻ കാലയളവിൽ ആവശ്യമായ ടെക്നിക്കൽ സപ്പോർട്ട് സേവനവും ഇവരുടെ ഭാഗത്തു നിന്ന് ഉറപ്പാക്കേണ്ടതാണ്.

- 'എന്റെ തൊഴിൽ എന്റെ അഭിമാനം' ക്യാമ്പയിനിന്റെ വിവരങ്ങൾ നൽകുന്നതിനും എല്ലാവരുടെയും പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനുമായി സി.ഡി.എസ്, എ.ഡി.എസ് ചെയർപേഴ്സൺമാർക്കുള്ള പരിശീലനം കുടുംബശ്രീ നടത്തേണ്ടതാണ്.

- എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെയും കമ്മ്യൂണിറ്റി അംബാസഡർമാർക്കും റിസോഴ്സ് പേഴ്സൺമാർക്കുമുള്ള ജില്ലാതല പരിശീലനം കിലയും കുടുംബശ്രീയും സംയുക്തമായി നടത്തേണ്ടതാണ്.

- വാർഡ് തലത്തിൽ പ്രചാരണ വിവരശേഖരണ പ്രവർത്തനം നടത്തുന്ന പ്രവർത്തകർക്ക് പഞ്ചായത്ത് തലത്തിലുള്ള പരിശീലനം നൽകും. ക്യാമ്പയിനിന്റെ വിവരങ്ങൾ നൽകുന്നതിനും ക്യാമ്പയിൻ പ്രചാരണത്തെ കുറിച്ചും, മൊബൈൽ ആപ്ലിക്കേഷൻ ഉപയോഗിച്ചുകൊണ്ടുള്ള വിവര ശേഖരണത്തെ പറ്റിയുമുള്ള വിശദാംശങ്ങൾ പരിശീലനത്തിൽ ഉൾപ്പെടുത്തേണ്ടതാണ്.

- നേരത്തെ ജില്ലാതല പരിശീലനം പൂർത്തിയാക്കിയ കമ്മ്യൂണിറ്റി അംബാസഡർമാർ, റിസോഴ്സ് പേഴ്സൺസ്, ടെക്നിക്കൽ അസ്സിസ്റ്റൻസ് എന്നിവർ ചേർന്നാണ് വാർഡ് തലത്തിൽ പ്രചാരണ വിവരശേഖരണ പ്രവർത്തനം നടത്തുന്ന പ്രവർത്തകർക്ക് പഞ്ചായത്ത് തലത്തിലുള്ള പരിശീലനം നൽകുക. രണ്ടുദിവസത്തെ പരിശീലനമായിരിക്കും. സമയബന്ധിതമായി പരിശീലനം പൂർത്തിയാക്കുന്നുവെന്ന് ഉറപ്പുവരുത്തണം. പരിശീലനം നടത്തുന്നതിനുള്ള ചുമതല കുടുംബശ്രീ സി.ഡി.എസ് നിർവഹിക്കേണ്ടതാണ്.

- എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിലും 'എന്റെ തൊഴിൽ എന്റെ അഭിമാനം' ക്യാമ്പയിൻ നടത്തിപ്പിനായുള്ള സംഘാടക സമിതി രൂപീകരിക്കണം. പഞ്ചായത്ത് പ്രസിഡന്റിന്റെ അധ്യക്ഷതയിൽ എല്ലാ വാർഡ്/ഡിവിഷൻ മെമ്പർമാരും ഉൾകൊള്ളുന്ന സംഘാടക സമിതിയാണ് രൂപീകരിക്കേണ്ടത്. ഈ സമിതിയാണ് വാർഡ്/ഡിവിഷൻതല സംഘാടക പ്രവർത്തനങ്ങൾ, സമിതി രൂപീകരണം എന്നിവ തീരുമാനിക്കുന്നത്.

- വാർഡ് തലത്തിൽ 'എന്റെ തൊഴിൽ എന്റെ അഭിമാനം' ക്യാമ്പയിൻ നടത്തിപ്പിനായുള്ള വാർഡ്/ഡിവിഷൻ തല സംഘാടക സമിതി രൂപീകരിച്ച് ക്യാമ്പയിൻ ആസൂത്രണം നടത്തണം. വാർഡ്/ ഡിവിഷൻ മെമ്പറുടെ അധ്യക്ഷതയിൽ വേണം സംഘാടക സമിതി രൂപീകരിക്കാൻ. വാർഡ് /ഡിവിഷൻ തലത്തിലെ പ്രചാരണ പ്രവർത്തനങ്ങൾ ഈ സമിതിയുടെ നേതൃത്വത്തിൽ ആയിരിക്കും

നടക്കുക.

- എല്ലാ വാർഡുകളിലും/ഡിവിഷനുകളിലും 8/05/2022-ന് ക്യാമ്പയിൻ ആരംഭിച്ച് 15/05/2022-നകം പൂർത്തിയാക്കണം. 8/05/2022 രാവിലെ വാർഡ്/ഡിവിഷൻ മെമ്പറുടെ നേതൃത്വത്തിൽ പ്രചാരണ പ്രവർത്തനങ്ങൾ വാർഡിലെ ഒരു പൊതു കേന്ദ്രത്തിൽ ഒരു വീട്ടിലെ വിവര ശേഖരണം നടത്തി വേണം ഉദ്ഘാടനം ചെയ്യുവാൻ. കേന്ദ്ര-സംസ്ഥാന മന്ത്രിമാർ, ജനപ്രതിനിധികൾ, വിശിഷ്ട വ്യക്തിത്വങ്ങൾ എന്നിങ്ങനെ വിപുലമായ ജനപങ്കാളിത്തത്തോടെ വേണം വാർഡ്തല ഉദ്ഘാടനം നടത്തേണ്ടത്.

- ക്യാമ്പയിൻ പ്രവർത്തനങ്ങൾ സമയബന്ധിതമായി നടക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്തേണ്ടതാണ്. ക്യാമ്പയിനുമായും, ക്യാമ്പയിനിന്റെ ഭാഗമായുള്ള പരിശീലനങ്ങൾ എന്നിവയ്ക്ക് ആവശ്യമായ ചിലവുകൾ കേരള നോളേജ് എക്കണോമി മിഷൻ കുടുബശ്രീ മിഷന് ലഭ്യമാക്കേണ്ടതാണ്.

| നമ്പർ | പ്രവർത്തനം | പ്രവർത്തനം പൂർത്തീകരിക്കേണ്ട സമയം | നിർവഹണ ചുമതല | വിവരണം |
|---|---|---|---|---|
| 1 | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ 'എന്റെ തൊഴിൽ എന്റെ അഭിമാനം' പ്രവർത്തനങ്ങൾ നടത്തുന്നതിന് വേണ്ട കമ്മ്യൂണിറ്റി അംബാസ്സഡർമാരുടെയും റിസോഴ്സ് പേഴ്സൺസിന്റെയും തിരഞ്ഞെടുപ്പ്. | പൂർത്തീകരിച്ചു | കുടുംബശ്രീ<br>സി.ഡി.എസ് സമിതി | തദേശ സ്വയം ഭരണ പ്രദേശത്തെ കുടുബശ്രീ CDS ആയിരിക്കും ഈ പ്രവർത്തനം പൂർത്തീകരിക്കുന്നത് |
| 2 | തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിലെ ടെക്നിക്കൽ അസ്സിസ്റ്റൻസിനുവേണ്ടിയുള്ള ജില്ലാതല പരിശീലനം | പൂർത്തീകരിച്ചു | കുടുംബശ്രീ - ഡിജിറ്റൽ യൂണിവേഴ്സിറ്റി കേരള | എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെയും ടെക്നിക്കൽ അസ്സിസ്റ്റൻസ്<br>ജില്ലാതല പരിശീലനം പൂർത്തിയാക്കണം |
| 3 | സി.ഡി.എസ്, എ.ഡി.എസ് ചെയർപേഴ്സൺമാർക്കുള്ള ജില്ലാതല പരിശീലനം | പൂർത്തീകരിച്ചു | കുടുംബശ്രീ,<br>കില | എന്റെ തൊഴിൽ എന്റെ അഭിമാനം ക്യാമ്പയിനിന്റെ വിവരങ്ങൾ നൽകുന്നതിനുള്ള പരിശീലനം |
| 4 | എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെയും കമ്മ്യൂണിറ്റി അംബാസഡർമാർക്കും റിസോഴ്സ് പേഴ്സൺമാർക്കുമുള്ള ജില്ലാതല പരിശീലനം | പൂർത്തീകരിച്ചു | കുടുംബശ്രീ - കില | 'എന്റെ തൊഴിൽ എന്റെ അഭിമാനം ക്യാമ്പയിനിന്റെ വിവരങ്ങൾ നൽകുന്നതിനുള്ള പരിശീലനം. ക്യാമ്പയിൻ പ്രചാരണത്തെ കുറിച്ചും, മൊബൈൽ ആപ്ലിക്കേഷൻ ഉപയോഗിച്ചുകൊണ്ടുള്ള വിവര ശേഖരണത്തെ പറ്റിയും പരിശീലനം നൽകും |
| 5 | തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിൽ 'എന്റെ തൊഴിൽ എന്റെ അഭിമാനം' ക്യാമ്പയിൻ നടത്തിപ്പിനായുള്ള സംഘാടക സമിതി രൂപീകരണം. ആദ്യത്തെ യോഗം.<br>. | പൂർത്തീകരിച്ചു | തദ്ദേശ സ്വയംഭരണ വകുപ്പ്, കുടുംബശ്രീ | തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിൽ 'എന്റെ തൊഴിൽ എന്റെ അഭിമാനം' ക്യാമ്പയിൻ നടത്തിപ്പിനായുള്ള സംഘാടക സമിതി . പഞ്ചായത്ത് പ്രസിഡന്റിന്റെ അധ്യക്ഷതയിൽ, എല്ലാ വാർഡ് മെമ്പർമാരും ഉൾകൊള്ളുന്ന സംഘാടക സമിതി |
| | | | | ഗ്രാമ പഞ്ചയത്തുകളിൽ 150 വീട്ട |

| | | | | |
|---|---|---|---|---|
| 6 | വാർഡ് /ഡിവിഷൻ തലത്തിൽ പ്രചാരണ വിവരശേഖരണ പ്രവർത്തനം നടത്തുന്ന പ്രവർത്തകരെ തിരഞ്ഞെടുക്കൽ | പൂർത്തീകരിച്ചു | കുടുംബശ്രീ<br><br>എ.ഡി.എസ് സമിതി | കൾക്കു ഒരാൾ എന്ന രീതിയിലും , മുൻസിപ്പാലിറ്റി, കോർപ്പറേഷൻ എന്നിവിടങ്ങളിൽ 200 വീടുകൾക്ക് ഒരാൾ എന്ന<br><br>രീതിയിലും വേണം പ്രവർത്തകരെ തിരഞ്ഞെടുക്കാൻ |
| 7 | വാർഡ് /ഡിവിഷൻ തലത്തിൽ പ്രചാരണ വിവരശേഖരണ പ്രവർത്തനം നടത്തുന്ന പ്രവർത്തകർക്കു പഞ്ചായത്ത് തലത്തിലുള്ള പരിശീലനം | 25.04.2022 ന് മുൻപായി പൂർത്തീകരിക്കണം | കുടുംബശ്രീ - കില | 'എന്റെ തൊഴിൽ എന്റെ അഭിമാനം എന്ന ക്യാമ്പയിനിന്റെ വിവരങ്ങൾ നൽകുന്നതിനുള്ള പരിശീലനം. ക്യാമ്പയിൻ പ്രചാരണത്തെ കുറിച്ചും, മൊബൈൽ ആപ്ലിക്കേഷൻ ഉപയോഗിച്ചുകൊണ്ടുള്ള വിവര ശേഖരണത്തെ പറ്റിയും പരിശീലനം നൽകും.<br><br>നേരത്തെ ജില്ലാതല പരിശീലനം പൂർത്തിയാക്കിയ കമ്മ്യൂണിറ്റി അംബാസഡർമാർ, റിസോഴ്സ് പേഴ്സൺസ്, ടെക്നിക്കൽ അസ്സിസ്റ്റൻസ് എന്നിവർ ചേർന്നാണ് പരിശീലനം നൽകുക |
| 8 | വാർഡ് /ഡിവിഷൻ തല സംഘാടക സമിതി രൂപീകരണം, യോഗം | 30.04.2022ന്<br><br>മുൻപായി പൂർത്തീകരിക്കണം | തദ്ദേശ സ്വയംഭരണ വകുപ്പ്/കുടുംബശ്രീ | വാർഡ് /ഡിവിഷൻ തലത്തിൽ 'എന്റെ തൊഴിൽ എന്റെ അഭിമാനം' ക്യാമ്പയിൻ നടത്തിപ്പിനായുള്ള സംഘാടക സമിതി. വാർഡ് /ഡിവിഷൻ മെമ്പറുടെ അധ്യക്ഷതയിൽ വേണം<br><br>സംഘാടക സമിതി രൂപീകരിക്കാൻ. |
| 9 | എന്റെ തൊഴിൽ എന്റെ അഭിമാനം കാമ്പെയിനിന്റെ ആരംഭവും പൂർത്തീകരണവും | 08-05-2022<br><br>മുതൽ<br><br>15-05-2022 | തദ്ദേശ ഭരണതല, വാർഡ്തല സംഘാടക സമിതി,<br><br>തദ്ദേശ<br><br>സ്വയംഭരണ വകുപ്പ്, കുടുംബശ്രീ | എല്ലാ വാർഡുകളിലും/ഡിവിഷനുകളിലും 8/05/22-ന് കാമ്പയിൻ ആരംഭിച്ച് 15/05/22-നകം പൂർത്തിയാക്കുക.<br><br>8/05/22 രാവിലെ വാർഡ് മെമ്പറുടെ നേതൃത്വത്തിൽ പ്രചാരണ പ്രവർത്തനങ്ങൾ ഉദ്ഘാടനം ചെയ്യുന്ന ഒരു ചെറിയ പരിപാടിയോടെ പ്രചാരണ പ്രവർത്തനങ്ങൾ ആരംഭിക്കും. |

എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപനത്തലത്തിലും വാർഡ് / ഡിവിഷൻ തലത്തിലും രൂപീകരിക്കേണ്ട സംഘാടക സമിതിയുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

**തദ്ദേശ സ്വയംഭരണ സ്ഥാപനതല സംഘാടക സമിതി**

ചെയർമാൻ - തദ്ദേശ സ്വയംഭരണ സ്ഥാപന അധ്യക്ഷൻ

കൺവീനർ - തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറി

ജോയിന്റ് കൺവീനർ - CDS ചെയർപേഴ്സൺ

അംഗങ്ങൾ - ആസൂത്രണ സമിതി വൈസ് ചെയർപേഴ്സൺ, CDS ചെയർപേഴ്സൺ, CDS ഉപസമിതി കൺവീനർ, വാർഡ്/ഡിവിഷൻ അംഗങ്ങൾ, സാമൂഹ്യ സംഘടനാ പ്രതിനിധികൾ, റസിഡൻസ് അസോസിയേഷൻ പ്രതിനിധികൾ, യൂത്ത് ക്ലബ്ബ്- വായനശാല പ്രതിനിധികൾ, ആശാ വർക്കർമാർ, അംഗൻവാടി ടീച്ചർമാർ, റാപിഡ് റെസ്പോൺസ് ടീം എന്നിവരുടെ പ്രതിനിധികൾ.

ചുമതലകളും ഉത്തരവാദിത്തങ്ങളും

- തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ മുഴുവൻ പ്രചാരണ, പ്രവർത്തന പദ്ധതി തയാറാക്കുക.
- വാർഡ്/ ഡിവിഷൻ തലങ്ങളിൽ നടത്തേണ്ട പ്രചാരണ,പ്രവർത്തന പദ്ധതി തയാറാക്കുക
- സമൂഹത്തിന്റെ താഴെതലത്തിൽ പ്രചാരണവും വിവരശേഖരണവും നടത്തുന്നതിന്, പ്രവർത്തകർക്കു വേണ്ട പരിശീലനം നൽകുക
- പ്രചാരണ പരിപാടിയുടെ സമയക്രമം, രീതി എന്നിവ ഉറപ്പുവരുത്തുക.
- പ്രചാരണ സാമഗ്രികൾ, മുഴുവൻ പ്രക്രിയയും വിശദീകരിക്കുന്ന കൈപ്പുസ്തകം എന്നിവ വിതരണം ചെയ്യുക.

<u>**വാർഡ്/ ഡിവിഷൻ തല സംഘാടക സമിതി**</u>

ചെയർമാൻ - വാർഡ് / ഡിവിഷൻ മെമ്പർ

കൺവീനർ - ADS ചെയർപേഴ്സൺ

അംഗങ്ങൾ - ADS സെക്രട്ടറി, CDS മെമ്പർ, ADS ഉപസമിതി കൺവീനർ, ഓക്സിലറി ഗ്രൂപ്പ് ടീം ലീഡർ, ഓക്സിലറി ഗ്രൂപ്പ് ഉപജീവന ടീം മെമ്പർ, അംഗൻവാടി, ആശാ പ്രവർത്തകർ, യൂത്ത് ക്ലബ്ബ് അംഗങ്ങൾ, റസിഡൻസ് അസോസിയേഷൻ പ്രതിനിധികൾ, യുവജന സംഘടനാ പ്രവർത്തകർ.

ചുമതലകളും ഉത്തരവാദിത്തങ്ങളും

- ക്യാമ്പയിനിന്റെ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് പ്രാദേശികമായി ഓരോ പ്രവർത്തകനും പൂർത്തിയാക്കേണ്ട പ്രവർത്തനങ്ങളുൾപ്പെടെയുള്ള വിവരങ്ങൾ അടങ്ങിയ വാർഡിന്റെ മുഴുവൻ പ്രവർത്തന പദ്ധതി തയാറാക്കുക.
- വാർഡ് /ഡിവിഷൻ തലത്തിൽ പ്രചാരണ, വിവരശേഖരണ പ്രവർത്തനം നടത്തുന്ന പ്രവർത്തകരെ തിരഞ്ഞെടുക്കൽ.
- എല്ലാ വീടുകളിലും എത്തേണ്ട സന്ദേശം പ്രചാരണ പ്രവർത്തകർക്ക് പരിചയപ്പെടുത്താനും, വിവരശേഖരണം നടത്തുന്നവർ പിന്തുടരേണ്ട പ്രക്രിയയെക്കുറിച്ചും ശരിയായ വിവരശേഖരണത്തിന്റെ പ്രാധാന്യത്തെക്കുറിച്ചും വിശദമായ പരിശീലനം നൽകുക.
- ഡാറ്റാ ശേഖരണ ആപ്പിന്റെ പരിചയപ്പെടുത്തലും, മുഴുവൻ പ്രക്രിയയും വിശദമാക്കുന്ന കൈപ്പുസ്തകം, പ്രചാരണ പ്രവർത്തകർക്ക് ലഭ്യമാക്കുക

- വാർഡ്/ ഡിവിഷൻ ജനപ്രതിനിധിയും കുടുംബശ്രീ എ.ഡി.എസ് സമിതി സംഘവും പ്രാദേശികമായി പ്രചാരണവും വിവരശേഖരണവും നടത്തുന്നതിനുവേണ്ട പ്രവർത്തകരെ ക്ലസ്റ്റർ തിരിച്ച് നിയോഗിക്കണം. ഓരോ 50 വീടുകൾക്കും ഒരു സംഘത്തെ എന്നരീതിയിൽ ചുമതലപ്പെടുത്തണം.

- പരിശീലനം ലഭിച്ച പ്രവർത്തകർ തങ്ങൾക്ക് നിയുക്തമായ വീടുകൾ സന്ദർശിക്കുകയും കേരള നോളേജ് എക്കണോമി മിഷൻ പ്രവർത്തനങ്ങളെക്കുറിച്ചും, ഡിജിറ്റൽ വർക്ക്ഫോഴ്സ് മാനേജ്മെന്റ് സിസ്റ്റത്തിൽ (DWMS) പ്ലാറ്റ്ഫോമിൽ ലഭ്യമാകുന്ന സേവനങ്ങളെ സംബന്ധിച്ചുമുള്ള വിവരങ്ങൾ നൽകുകയും ഇതു സംബന്ധിച്ച ലഘുലേഖ വിതരണം ചെയ്യുകയും വേണം.

ഓരോ വീടുകളിലും 18-59 വയസ്സിനിടയിലുള്ള വിദ്യാസമ്പന്നരായ തൊഴിൽരഹിതരുണ്ടെങ്കിൽ അവരിൽ തൊഴിൽ അന്വേഷിക്കുന്നവരുടെ വിവരങ്ങൾ മൊബൈൽ ആപ്പ് വഴി ശേഖരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശാരദ മുരളീധരൻ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
മെമ്പർ സെക്രട്ടറി, കെ-ഡിസ്ക്
എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം
ഡയറക്ടർ ജനറൽ, കില, തൃശ്ശൂർ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഇ&ആർ.എസ്.എ/ജി&എസ്.എസ്.എ) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

**Signed by Vijitha M B**
**Date: 23-04-2022 13:39:27**
സെക്ഷൻ ഓഫീസർ

പകർപ്പ്:- ബഹു.തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ (റൂറൽ) പി.എ.യ്ക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ (അർബൻ) പി.എ.യ്ക്ക്